# മാവേലിക്കര നഗരസഭ

## 2026-ലെ മാവേലിക്കര നഗരസഭ  വഴിയോര കച്ചവട ബൈലോ

## വിജ്ഞാപനം

*(കരട് / DRAFT)*

**ഫയൽ നമ്പർ: 1570554-2024** **തീയതി:26.09.2026**

**തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് :** മാവേലിക്കര നഗരസഭ

**സ്ഥലം :** മാവേലിക്കര

പീഠിക - 2014 ലെ ദി സ്ട്രീറ്റ് വെൻഡേഴ്സ് (പ്രൊട്ടക്ഷൻ ഓഫ് ലൈവ്ലിഹുഡ് ആന്റ് റെഗുലേഷൻ ഓഫ് സ്ട്രീറ്റ് വെൻഡറിംഗ്) ആക്ട്, (2014 ലെ 7-ാം കേന്ദ്ര ആക്ട്) 37-ാം വകുപ്പ് പ്രകാരം നഗരസഭാ കൗൺസിലിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് മാവേലിക്കര നഗരസഭ  വഴിയോര കച്ചവട ബൈലോ 2026 പുറപ്പെടുവിക്കുന്നു, അതായത് :-

### 1. ചുരുക്കപ്പേരും ആരംഭവും

(1) ഈ ബൈലോയ്ക്ക് 2026-ലെ മാവേലിക്കര നഗരസഭ  വഴിയോര കച്ചവട ബൈലോ എന്ന് പേരാകുന്നു .

(2) ഈ ബൈലോ സർക്കാരോ സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അംഗീകരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

### 2. പ്രവർത്തന പരിധി

മാവേലിക്കര നഗരസഭാ പരിധിയിലെ എല്ലാ തെരുവ്/വഴിയോര കച്ചവടങ്ങൾക്കും ഇത് ബാധകമായതാണ്.

### 3. നിർവചനങ്ങൾ

(1) ഈ ബൈലോകളിൽ സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം:-

എ) ആക്ട് : ആക്ട് എന്നാൽ 2014-ലെ ദി സ്ട്രീറ്റ് വെൻഡേഴ്സ് (പ്രൊട്ടക്ഷൻ ഓഫ് ലൈവ്ലിഹുഡ് ആൻഡ് റെഗുലേഷൻ ഓഫ് സ്ട്രീറ്റ് വെൻഡറിംഗ്) ആക്ട് (2014-ലെ 7-ാം കേന്ദ്ര ആക്ട്) എന്ന് അർത്ഥമാക്കുന്നു.

ബി) ചട്ടങ്ങൾ : ചട്ടങ്ങൾ എന്നാൽ 2018-ലെ കേരള സ്ട്രീറ്റ് വെൻഡേഴ്സ് (പ്രൊട്ടക്ഷൻ ഓഫ് ലൈവ്ലിഹുഡ് ആൻഡ് റെഗുലേഷൻ ഓഫ് സ്ട്രീറ്റ് വെൻഡറിംഗ്) ചട്ടങ്ങൾ എന്ന് അർത്ഥമാക്കുന്നു.

സി) സ്കീം : സ്കീം എന്നാൽ 2019-ലെ കേരള സ്ട്രീറ്റ് വെൻഡേഴ്സ് (പ്രൊട്ടക്ഷൻ ഓഫ് ലൈവ്ലിഹുഡ്, റെഗുലേഷൻ ഓഫ് സ്ട്രീറ്റ് വെൻഡറിംഗ് ആൻഡ് ലൈസൻസിംഗ്) സ്കീം എന്ന് അർത്ഥമാക്കുന്നു.

ഡി) മുനിസിപ്പാലിറ്റി/നഗരസഭ  : മുനിസിപ്പാലിറ്റി/നഗരസഭ എന്നാൽ മാവേലിക്കര മുനിസിപ്പാലിറ്റി/നഗരസഭ / കൗൺസിൽ എന്ന് അർത്ഥമാക്കുന്നു.

ഇ) സർക്കാർ : എന്നാൽ സംസ്ഥാന സർക്കാർ എന്ന് അർത്ഥമാക്കുന്നു.

എഫ്) ബൈലോകൾ : എന്നാൽ 2026-ലെ മാവേലിക്കര മുനിസിപ്പാലിറ്റി വഴിയോര കച്ചവട ബൈലോകൾ എന്ന് അർത്ഥമാക്കുന്നു.

ജി) പ്രാഥമിക മേഖലകൾ : സർക്കാർ ഓഫീസുകൾ, അർദ്ധ സർക്കാർ ഓഫീസുകൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മാർക്കറ്റ്, ബസ് സ്റ്റാൻഡ്, ആശുപത്രി എന്നിവ കൂടുതലായി സ്ഥിതി ചെയ്യുന്ന പ്രദേശങ്ങൾ. അല്ലെങ്കിൽ താരതമ്യേന വികസിത പ്രദേശങ്ങൾ എന്നർത്ഥമാക്കുന്നു.

*കുറിപ്പ്: മാവേലിക്കര മുനിസിപ്പാലിറ്റിയിലെ പ്രാഥമിക മേഖലകളെ അനുബന്ധം 1-ൽ ചേർത്തിട്ടുള്ളതാകുന്നു.*

എച്ച്) ദ്വിതീയ മേഖലകൾ : എന്നാൽ പ്രാഥമിക മേഖലയുടെ ചുറ്റുമുള്ള പ്രദേശങ്ങൾ അല്ലെങ്കിൽ താരതമ്യേന വികസന സാധ്യതയും വ്യാപാര സാധ്യതയും ഉള്ള  പ്രദേശങ്ങൾ എന്നർത്ഥമാക്കുന്നു.

*കുറിപ്പ്: മാവേലിക്കര മുനിസിപ്പാലിറ്റിയിലെ ദ്വിതീയ മേഖലകളെ അനുബന്ധം 2-ൽ ചേർത്തിട്ടുള്ളതാകുന്നു.*

ഐ) തൃതീയ മേഖലകൾ : എന്നാൽ പ്രഥമ, ദ്വിതീയ മേഖലകളിൽ ഉൾപ്പെടാത്തതും താരതമ്യേന വികസനം കുറഞ്ഞതും അടിസ്ഥാന സൗകര്യങ്ങൾ കുറഞ്ഞതും ജനസാന്ദ്രത കുറഞ്ഞതുമായ പ്രദേശങ്ങൾ എന്നർത്ഥമാക്കുന്നു.

*കുറിപ്പ്: മാവേലിക്കര മുനിസിപ്പാലിറ്റിയിലെ തൃതീയ മേഖലകളെ അനുബന്ധം -3ൽ ചേർത്തിട്ടുള്ളതാകുന്നു.*

*കുറിപ്പ്: മാവേലിക്കര മുനിസിപ്പാലിറ്റി പരിധിയിലെ വഴിയോര കച്ചവടം ക്രമീകരിക്കുന്നതിനായി മുനിസിപ്പാലിറ്റി പരിധിയിൽ 3 മേഖലകൾ നിശ്ചയിച്ചിട്ടുള്ളതും , (1) പുന്നമൂട് മാർക്കറ്റ്, (2) കണ്ടിയൂർ ചന്ത (3) പ്രൈവറ്റ് ബസ് സ്റ്റാൻഡിന്റെ ഉൾവശം എന്നിങ്ങനെ തിരിച്ചിട്ടുള്ളതും, [ തീയതിയിലെ _ നമ്പർ] കൌൺസിൽ തീരുമാന പ്രകാരം ഇത് അംഗീകരിച്ചിട്ടുള്ളതും ആയതിന് കണക്കിലെടുത്ത മാനദണ്ഡങ്ങൾക്ക് അനുസരിച്ചും ഈ ബൈലോ പ്രകാരമുള്ള മേഖലകൾ തിരിച്ചിട്ടുള്ളതും ആയത് അനുബന്ധം 1,2,3 -ൽ ചേർത്തിട്ടുള്ളതുമാകുന്നു.*

ജെ) ന്യായവില : എന്നാൽ റവന്യൂ രേഖകൾ അനുസരിച്ചും സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ചും മേഖലകളുടെ പ്രാധാന്യം കണക്കിലെടുത്ത് കണക്കാക്കുന്ന ഭൂമിയുടെ ന്യായവില എന്നർത്ഥമാക്കുന്നു.

ഈ ബൈലോകളിൽ ഉപയോഗിച്ചിട്ടുള്ളതും എന്നാൽ പ്രത്യേകം നിർവചിച്ചിട്ടില്ലാത്തതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും, 2014-ലെ ദി സ്ട്രീറ്റ് വെൻഡേഴ്സ് (പ്രൊട്ടക്ഷൻ ഓഫ് ലൈവ്ലിഹുഡ് ആൻഡ് റെഗുലേഷൻ ഓഫ് സ്ട്രീറ്റ് വെൻഡറിംഗ്) ആക്ട് (2014-ലെ 7-ാം കേന്ദ്ര ആക്ട്), 2018-ലെ കേരള സ്ട്രീറ്റ് വെൻഡേഴ്സ് (പ്രൊട്ടക്ഷൻ ഓഫ് ലൈവ്ലിഹുഡ് ആൻഡ് റെഗുലേഷൻ ഓഫ് സ്ട്രീറ്റ് വെൻഡറിംഗ്) ചട്ടങ്ങൾ, 2019-ലെ കേരള സ്ട്രീറ്റ് വെൻഡേഴ്സ് (പ്രൊട്ടക്ഷൻ ഓഫ് ലൈവ്ലിഹുഡ്, റെഗുലേഷൻ ഓഫ് സ്ട്രീറ്റ് വെൻഡറിംഗ് ആൻഡ് ലൈസൻസിംഗ്) സ്കീം എന്നിവയിൽ നിർവചിച്ചിട്ടുള്ളതുമായ അർത്ഥം, യഥാക്രമം പ്രസ്തുത ആക്ടിലും ചട്ടങ്ങളിലും സ്കീമിലും അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥമുണ്ടായിരിക്കുന്നതാണ്.

## 4. വഴിയോര കച്ചവടം നടത്തിപ്പിലുള്ള നിയന്ത്രണങ്ങൾ

വെൻഡിംഗ് മേഖലകൾ നിശ്ചയിക്കൽ: 2014-ലെ സ്ട്രീറ്റ് വെൻഡേഴ്സ് ആക്ട് വ്യവസ്ഥകൾ പാലിച്ചുകൊണ്ട്, ടൗൺ വെൻഡിംഗ് കമ്മിറ്റിയുടെ (TVC) ശിപാർശയുടെ /തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൗൺസിലിന് മാവേലിക്കര മുനിസിപ്പാലിറ്റി പ്രദേശത്തെ കച്ചവട മേഖലകൾ (Vending Zones), നിയന്ത്രിത/നിരോധിത മേഖലകൾ എന്നിവ നിശ്ചയിക്കാനോ മാറ്റം വരുത്താനോ അധികാരമുണ്ടായിരിക്കുന്നതാണ് . ഓരോ മൂന്നു വർഷം കൂടുമ്പോഴും , ടി മേഖലകളിൽ നഗരത്തിന്റെ വളർച്ച , ഗതാഗതം , മറ്റ് വികസനം/വ്യാപാര സാധ്യത എന്നിവ പരിഗണിച്ച് ആയതിൽ മാറ്റം വരുത്താവുന്നതാണ് .

### (1) കച്ചവട മേഖലകളിലെ / നിയന്ത്രിത കച്ചവട മേഖലയിലെ നിയന്ത്രണങ്ങൾ

ചില നിയന്ത്രണങ്ങളോടെ നിശ്ചിത സമയത്തും സ്ഥലത്തും വഴിയോര കച്ചവടം നടത്തുന്നതിന് അനുമതി നൽകുന്ന നിയന്ത്രിത കച്ചവട മേഖല സംബന്ധിച്ച തീരുമാനം റോഡിന്റെ വീതി, തിരക്ക്, വ്യാപാര സാധ്യത എന്നീ കാര്യങ്ങൾക്ക് വിധേയമായി മാവേലിക്കര മുനിസിപ്പാലിറ്റി നിശ്ചയിക്കുന്നതാണ്.

എ) തെരുവ് കച്ചവടക്കാർക്കുള്ള 2019 ലെ സ്കീം പ്രകാരം ഒരു സ്ഥിരമായ സ്ഥലത്ത് നടത്തി വരുന്ന തരത്തിലുള്ള വഴിയോര കച്ചവടങ്ങൾ 3.5 മീറ്ററിൽ താഴെ വീതിയുള്ള റോഡുകളിൽ അനുവദനീയം അല്ലാത്തതാണ് . 3.5 മീറ്റർ മുതൽ 6 മീറ്റർ വരെ വീതിയുള്ള റോഡുകളിൽ തെരുവ് കച്ചവടം പ്രായോഗികം അല്ലാത്തതിനാൽ ആയതും അനുവദനീയമല്ലാത്തതും എന്നാൽ വാഹന ഗതാഗതം ഇല്ലാത്ത അത്തരം റോഡുകൾ ആണെങ്കിൽ, ടൌൺ വെൻഡിംഗ് കമ്മിറ്റിക്ക് ബോധ്യമാകുന്ന സാഹചര്യത്തിൽ വഴിയോര കച്ചവടം അനുവദനീയമാകുന്നതും ആണ് .

ബി) 6 മീറ്റർ മുതൽ 12 മീറ്റർ വരെ വീതിയുള്ള റോഡ് അരികിൽ ഒരു സ്ഥിരമായ സ്ഥലത്ത് നടത്തി വരുന്ന തരത്തിലുള്ള വഴിയോര കച്ചവടങ്ങൾ അനുവദനീയമല്ലാത്തതാകുന്നു. എന്നാൽ അങ്ങനെയുള്ള റോഡുകൾ ഒരു ഭാഗത്തേക്ക് മാത്രമായുള്ള വാഹനഗതാഗതത്തിനായി പ്രഖ്യാപിക്കപ്പെടുന്ന പക്ഷം, വഴിയോര കച്ചവടം അനുവദിക്കാവുന്ന മേഖലകൾ ആണെന്ന് ടൗൺ വെൻഡിംഗ് കമ്മിറ്റിക്ക് ബോധ്യമാകുന്ന സാഹചര്യത്തിൽ മാത്രം റോഡിന്റെ ഒരു ഭാഗത്തു വഴിയോര കച്ചവടത്തിന് അനുമതി നൽകാവുന്നതാണ്.

സി) റോഡിന്റെ വീതി 12 മീറ്റർ മുതൽ 24 മീറ്ററിനകം വരുന്ന മേഖലകളിൽ റോഡിന്റെ ഒരു ഭാഗം മാത്രം വഴിയോര കച്ചവടം അനുവദിക്കാവുന്നതാണ്. റോഡിന്റെ വീതി 24 മീറ്ററിലധികം വരുന്നതായാൽ റോഡിന്റെ ഇരുവശത്തും, പ്രത്യേക മേഖലയിൽ ഉൾക്കൊള്ളാവുന്ന വഴിയോര കച്ചവടക്കാരുടെ എണ്ണത്തിന് അനുപാതികമായി ഒരു സ്ഥിരമായ സ്ഥലത്ത് നടത്തി വരുന്ന തരത്തിലുള്ള വഴിയോര കച്ചവടങ്ങൾ അനുവദിക്കാവുന്നതാണ്. ഇത്തരം മേഖലകളിൽ

നടത്തുന്ന,വഴിയോര കച്ചവടങ്ങൾ (Mobile and Stationary ) കാൽനടയാത്രക്കാർക്കും വാഹനഗതാഗതത്തിനും തടസ്സമാവില്ലായെന്നുള്ള ട്രാഫിക് പോലീസിന്റെ/ ട്രാഫിക് റെഗുലേറ്ററി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുവദിക്കാവുന്നതാണ്.

ഡി) വഴിയോര കച്ചവടം അനുവദിച്ചിരിക്കുന്ന നിയന്ത്രിത കച്ചവട മേഖലയിൽ വാഹന പാർക്കിംഗ് അനുവദിക്കുന്നില്ല. കൂടാതെ ആളുകൾ കൂട്ടം കൂടി വഴിയോര കച്ചവടത്തിനു മുമ്പിൽ നിന്ന് കാൽനടയാത്രക്കാരുടെ സഞ്ചാര സ്വാതന്ത്ര്യത്തിന് തടസ്സം സൃഷ്ടിക്കുവാൻ പാടില്ലാത്തതാണ്

ഇ) കാഴ്ച ശക്തിയില്ലാത്ത കാൽനടയാത്രക്കാർക്ക് ഉപയോഗപ്രദമായി വിരിച്ചിരിക്കുന്ന ടാക്ടൈൽ ടൈൽസിനും അതിന് ഇരുവശത്തുമുള്ള ടൈൽസിനും മുകളിൽ യാതൊരു കാരണവശാലും വഴിയോര കച്ചവടം നടത്തുവാൻ പാടില്ലാത്തതാണ്.

> *കുറിപ്പ്: മാവേലിക്കര മുനിസിപ്പാലിറ്റി കച്ചവട മേഖലയെ അനുബന്ധം 1,2,3-ലും നിയന്ത്രിത കച്ചവട മേഖലയെ അനുബന്ധം 4-ലും ചേർത്തിട്ടുള്ളതാകുന്നു.*

### (2) നിരോധിത കച്ചവട മേഖലയിലെ നിയന്ത്രണങ്ങൾ

നിരോധിത കച്ചവട മേഖലയിലെ നിയന്ത്രണങ്ങൾ താഴെ പറയുന്നവയാണ്,അതായത് :-

(എ) 6 മീറ്റർ വരെയുള്ള റോഡുകളിൽ വഴിയോര കച്ചവടങ്ങൾ 4 (1) (എ) യിൽ പരമാർശിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ നിരോധിച്ചിട്ടുള്ളതാകുന്നു.

(ബി) പ്രധാനപ്പെട്ട സർക്കാർ സ്ഥാപനങ്ങളായ കോടതികൾ, താലൂക്ക്/വില്ലേജ് ഓഫീസുകൾ, മുനിസിപ്പാലിറ്റി ഓഫീസ്, ഫയർ സ്റ്റേഷനുകൾ,ആശുപത്രികൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ-അർദ്ധ സർക്കാർ ഓഫീസുകൾ എന്നിവയുടെ പ്രധാന കവാടങ്ങളിൽ നിന്നും 50 മീറ്റർ ചുറ്റളവ് വരെ ബൈലോ യിൽ മറ്റൊരു വിധത്തിൽ പരാമർശിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ നിരോധിത കച്ചവട മേഖലയാകുന്നു. റെയിൽവേ സ്റ്റേഷന്റ്റെ പ്രധാന കവാടത്തിൽ നിന്നും 50 മീറ്റർ ദൂര പരിധിക്ക് പുറത്ത് തെരുവ് കച്ചവടം , ടൌൺ വെണ്ടിങ് കമ്മിറ്റിയുടെ അനുമതിയോടെ അനുവദിക്കാവുന്നതാണ്. 50 മീറ്റർ അകലങ്ങളിൽ മുനിസിപ്പാലിറ്റി പരിധിയിൽ വരുന്ന ക്രോസിംഗുകളുടെ ഇരു ഭാഗങ്ങളിലും വഴിയോര കച്ചവടം ടൌൺ വെണ്ടിങ് കമ്മിറ്റിയുടെ അനുമതിയോടെ അനുവദിക്കാവുന്നതാണ്. ബസ് സ്റ്റാൻഡുകളിൽ, പ്രധാന കവാടങ്ങളിൽ നിന്നും 50 മീറ്റർ അകലത്തിൽ ടൌൺ വെണ്ടിങ് കമ്മിറ്റിയുടെ അനുമതിയോടെ തെരുവ് കച്ചവടം അനുവദിക്കുന്നതാണ്.

(സി) പുരാവസ്തു പട്ടികയിൽ ഉൾപ്പെട്ട കെട്ടിടങ്ങൾ, പൈതൃക കേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള മേഖലകൾ, സ്മാരകങ്ങൾ, ആരാധനാലയങ്ങൾ, ഉപകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ടൗൺ വെൻഡിംഗ് കമ്മിറ്റി നിയന്ത്രിത കച്ചവട മേഖലയായി അംഗീകരിച്ച സ്ഥലത്തല്ലാതെ വഴിയോര കച്ചവടം അനുവദിക്കുവാൻ പാടില്ലാത്തതാണ്.

(ഡി) തെരുവ് കച്ചവടം രണ്ടോ അതിലധികമോ റോഡുകൾ ഒത്തുചേരുന്ന ഇടങ്ങളിൽ 50 മീറ്റർ പരിധിക്കകം ബൈലോയിൽ മറ്റ് എവിടെയും മറ്റൊരുവിധം പരാമർശിച്ചിട്ടില്ലെങ്കിൽ നിരോധിച്ചിട്ടുള്ളതാകുന്നു.

(ഇ) രാജ്യത്തിന്റെ / സംസ്ഥാനത്തിന്റെ സുരക്ഷാർത്ഥം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിരോധിത മേഖലയായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിൽ സുരക്ഷാ കാരണങ്ങൾ മുൻനിർത്തി വഴിയോര കച്ചവടം അനുവദിക്കാൻ പാടില്ലാത്തതാകുന്നു.

> *കുറിപ്പ്: മാവേലിക്കര മുനിസിപ്പാലിറ്റി നിരോധിത കച്ചവട മേഖലയെ അനുബന്ധം 5-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

### (3) നിരോധിത കച്ചവട മേഖല

മുനിസിപ്പാലിറ്റി ടൗൺ വെൻഡിംഗ് കമ്മിറ്റിയുടെ തീരുമാന പ്രകാരം കച്ചവട മേഖലയായി പ്രഖ്യാപിക്കാത്ത എല്ലാ പ്രദേശങ്ങളും നിരോധിത കച്ചവട മേഖലയായിരിക്കുന്നതാണ്. വഴിയോര കച്ചവട മേഖലയിൽ സ്വാഭാവികമായി രൂപപ്പെട്ടുവന്ന നിലവിലുള്ള ചന്ത / അങ്ങാടി / കച്ചവട കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ, ആയത് ടൗൺ വെൻഡിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം കൌൺസിലിന് കച്ചവട മേഖലയായി നിലനിലനിർത്താവുന്നതാണ്.

> *കുറിപ്പ്: മാനദണ്ഡപ്രകാരം നിരോധിത മേഖലയായി പ്രഖ്യാപിക്കപ്പെട്ട റോഡുകളിലെ ചില ഇടങ്ങളിൽ വഴിയോര കച്ചവടം അനുവദിക്കുന്നതിനാവശ്യമായ വീതി/സ്ഥലം ഉണ്ടെന്നും ഗതാഗത തടസ്സം ഉണ്ടാകില്ലെന്നും ബോധ്യമാകുന്ന പക്ഷം, അങ്ങനെയുള്ള ഇടങ്ങളെ പ്രത്യേക കച്ചവട മേഖലയായി പ്രഖ്യാപിക്കാനുള്ള അധികാരം മുനിസിപ്പാലിറ്റിക്ക് / കൌൺസിലിന് ഉണ്ടായിരിക്കുന്നതാണ്.*

### (4) വെൻഡിംഗ് സോണിലെ വാഹന നിയന്ത്രണം

6 മീറ്റർ മുതൽ 12 മീറ്റർ വരെ വീതിയുള്ള റോഡുകളെ ട്രാഫിക് റെഗുലേറ്ററി കമ്മിറ്റിയുടെ നിർദ്ദേശാനുസരണം വൺ വേ റോഡുകളായി പ്രഖ്യാപിക്കുന്ന പക്ഷം , ആയതിന്റെ ഒരു വശം വഴിയോര കച്ചവടത്തിനായി ഉപയോഗിക്കാവുന്നതുമാകുന്നു.

## (5) വെൻഡിംഗ് സോണിലെ മാലിന്യ പരിപാലനവും ശുചിത്വവും

(1) ഓരോ വഴിയോര കച്ചവടക്കാരനും മാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കേണ്ടതും, മുനിസിപ്പാലിറ്റി മാലിന്യ പരിപാലനത്തിനായി ഏർപ്പെടുത്തിയ സംവിധാനത്തിൽ എത്തിച്ചുകൊടുക്കേണ്ടതുമാണ്.

(2) ആഹാര പദാർത്ഥങ്ങൾ കച്ചവടം ചെയ്യുന്ന എല്ലാ വഴിയോര കച്ചവടക്കാർക്കും FSSAI (ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ) യുടെ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കേണ്ടതാണ് . ടി പദാർത്ഥങ്ങൾ കച്ചവടം ചെയ്യുന്ന വഴിയോര കച്ചവടക്കാർ 6 മാസത്തെ ഇടവേളകളിൽ മുനിസിപ്പാലിറ്റി നിർദ്ദേശിക്കുന്ന ആരോഗ്യ പരിശോധന നടത്തേണ്ടതും ആരോഗ്യ കാർഡ് പുതുക്കേണ്ടതുമാണ്.

(3) എല്ലാ വഴിയോര കച്ചവടക്കാരും വിപണനം നടത്തുന്നതിനുള്ള ലൈസൻസ് എടുക്കേണ്ടതും അത് സമയാസമയങ്ങളിൽ പുതുക്കേണ്ടതുമാണ്.

(4) എല്ലാ വഴിയോര കച്ചവടക്കാരും വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവ പരിപാലിക്കേണ്ടതും ശുദ്ധമായ വെള്ളം ഉപയോഗിക്കേണ്ടതുമാണ്.

(5) എല്ലാ വഴിയോര കച്ചവടക്കാരും മായം കലരാത്ത ഗുണമേന്മയുള്ള ഉത്പന്നങ്ങൾ വിൽപ്പന നടത്തേണ്ടതാണ്.

## 5. വഴിയോരക്കച്ചവടക്കാർ പാലിക്കേണ്ട നിബന്ധനകൾ

വഴിയോരക്കച്ചവടക്കാർ താഴെ പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്, അതായത്,

(1) ആംബുലൻസ്/വാഹന ഗതാഗതം / കാൽനട യാത്രക്കാർ / സൈക്കിൾ യാത്രികർ എന്നിവർക്ക് തടസ്സമുണ്ടാകാത്ത രീതിയിലും സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന രീതിയിലും കച്ചവടം നടത്തേണ്ടതാണ്.

(2) പ്രധാന സർക്കാർ ഓഫീസുകൾ / സ്ഥാപനങ്ങൾ, ഫയർ സ്റ്റേഷൻ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ പ്രധാന കവാടങ്ങൾ, അടിയന്തിര വാതിൽ എന്നിവയ്ക്ക് 50 മീറ്റർ പരിധിക്കുള്ളിൽ പ്രത്യേകം അനുവദിച്ചിട്ടില്ലാത്ത പക്ഷം വഴിയോര കച്ചവടം നടത്താൻ പാടില്ലാത്തതാകുന്നു.

(3) വഴിയോര കച്ചവടം പൊതു സംവിധാനങ്ങളായ കുടിവെള്ള വിതരണം, അഴുക്കുചാൽ, ടെലിഫോൺ, വൈദ്യുതി അതുപോലുള്ള മറ്റ് സംവിധാനങ്ങൾക്കോ ഉപകരണങ്ങൾക്കോ തടസ്സമോ കേടുപാടുകളോ വരുത്താൻ പാടില്ലാത്തതാകുന്നു.

(4) വഴിയോര കച്ചവടം, സൂചനാ ബോർഡുകൾ, ഡിസ്പ്ലേ സംവിധാനങ്ങൾ, സിറ്റി വർക്സ് അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് യാതൊരു കാരണവശാലും തടസ്സമാകാത്ത രീതിയിലായിരിക്കേണ്ടതാണ്.

(5) നിരോധിത ഉത്പന്നങ്ങൾ / സേവനങ്ങൾ / സാധനങ്ങൾ വിൽക്കാൻ പാടില്ലാത്തതാകുന്നു.

(6) നഗരതല വഴിയോരക്കച്ചവട സമിതി / കൗൺസിൽ അനുവദിച്ചിരിക്കുന്നതിൽ കൂടുതൽ സ്ഥലം കച്ചവടത്തിനായി ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

(7) നഗരതല കച്ചവട സമിതി അനുവദിച്ചിരിക്കുന്ന സമയക്രമം ഓരോ വഴിയോര കച്ചവടക്കാരും പാലിക്കേണ്ടതാണ്.

(8) മാലിന്യങ്ങൾ വലിച്ചെറിയാതെ അത് കൃത്യമായ രീതിയിൽ സംസ്കരിക്കേണ്ടതാണ്.

(9) വെൻഡിംഗ് സർട്ടിഫിക്കറ്റിന്റെ കാലാവധിക്ക് ശേഷം വഴിയോര കച്ചവടം നടത്തുവാൻ പാടില്ലാത്തതാകുന്നു.

(10) കച്ചവട മേഖലയിൽ കച്ചവടം വർദ്ധിപ്പിക്കുന്നതിനും ഉപഭോക്താക്കളുടെ ശ്രദ്ധ ആകർഷിക്കുന്നതിനുമായി ലൗഡ് സ്പീക്കർ, മെഗാ ഫോൺ, സൗണ്ട് സിസ്റ്റം, റിഫ്ളക്റ്റീവ് ഇമേജ് എന്നിവ ഉപയോഗിക്കുവാൻ പാടില്ലാത്തതാകുന്നു. കൂടാതെ കാൽനടയാത്രക്കാർക്കോ വാഹനങ്ങൾക്കോ അപകടകരമായ വിധത്തിലോ തടസ്സമാകുന്ന രീതിയിലോ ഉള്ള ഒരു വിധത്തിലുള്ള പ്രോജക്ഷനുകളും വഴിയോരക്കച്ചവടക്കാർ കച്ചവടം നടത്തുന്ന സ്ഥലങ്ങളിൽ ചെയ്യുവാൻ പാടില്ലാത്തതാകുന്നു.

(11) നിരോധിച്ചിരിക്കുന്ന പ്ലാസ്റ്റിക് ഉത്പന്നങ്ങൾ, പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, മറ്റ് നിരോധിത ഉത്പന്നങ്ങൾ എന്നിവ ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

(12) വഴിയോര കച്ചവടം നടത്തുവാൻ അനുമതി നൽകിയ സ്ഥലത്ത് കച്ചവടക്കാർ യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും നടത്തുവാൻ പാടില്ലാത്തതാകുന്നു.

(13) ഉപഭോക്താക്കൾ കൂട്ടം കൂടി നിന്ന് വഴിയാത്രക്കാർക്ക് തടസ്സം സൃഷ്ടിക്കുന്ന രീതിയിൽ വഴിയോര കച്ചവടം നടത്തുവാൻ പാടില്ലാത്തതാകുന്നു.

## 6. വഴിയോര കച്ചവടക്കാരുടെ ചുമതലകൾ

(1) വെൻഡിംഗ് സർട്ടിഫിക്കറ്റിൽ പറഞ്ഞിട്ടുള്ള എല്ലാ നിബന്ധനകളും പാലിക്കേണ്ടതാണ്.

(2) വെൻഡിംഗ് സർട്ടിഫിക്കറ്റിന്റെ കാലാവധി കഴിയുന്നതിനു മൂന്നു മാസം മുന്പ് തന്നെ പുതുക്കുന്നതിന് അപേക്ഷ നല്കേണ്ടതാണ് .

(3) വെൻഡിംഗ് സർട്ടിഫിക്കറ്റിൽ അനുവദിച്ചിരിക്കുന്ന പ്രദേശത്ത്, അംഗീകരിച്ച് നൽകിയ സ്ഥലത്ത് മാത്രം കച്ചവടം നടത്തേണ്ടതാണ്.

(4) വെൻഡിംഗ് സർട്ടിഫിക്കറ്റ് എല്ലാ സമയത്തും കച്ചവട കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

(5) അപകട സാധ്യത കുറയ്ക്കുന്നതിനായി മാവേലിക്കര മുനിസിപ്പാലിറ്റി നൽകുന്ന എല്ലാ നിർദ്ദേശങ്ങളും യഥാവിധി പാലിക്കേണ്ടതാണ്.

(6) ഭക്ഷ്യ സാധനം കച്ചവടം ചെയ്യുന്ന കച്ചവടക്കാർ 2006-ലെ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് ആക്ട് (2006-ലെ 34-ാം കേന്ദ്ര ആക്ട്) ലെയും അതിനു കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

(7) മാവേലിക്കര മുനിസിപ്പാലിറ്റി / ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന സമയത്ത് വെൻഡിംഗ് സർട്ടിഫിക്കറ്റും അനുബന്ധ രേഖകളും ഹാജരാക്കേണ്ടതും ഈ ബൈലോകളിലെ വ്യവസ്ഥകൾക്ക് അനുസൃതമായി പ്രവർത്തിക്കേണ്ടതുമാകുന്നു.

(8) നിയമപ്രകാരം പ്രദർശിപ്പിക്കേണ്ട വിലവിവര പട്ടിക നിർബന്ധമായും പ്രദർശിപ്പിക്കേണ്ടതാണ്.

(9) മുനിസിപ്പാലിറ്റി / കൌൺസിൽ നിശ്ചയിക്കുന്ന വെന്റിങ് ഫീ /പരിപാലന ഫീ , മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട യൂസർ ഫീ , വെൻഡിങ് സർട്ടിഫക്കറ്റ് പുതുക്കുന്നതിനുള്ള ഫീ , ഈടാക്കാവുന്ന മറ്റ് ഫൈൻ , പെനാൽറ്റി എന്നിവ ഒടുക്കുന്നതിന് തെരുവ് കച്ചവടക്കാർ ബാധ്യസ്ഥരാണ് .

(10) അനുവദിച്ചു നൽകിയ സ്ഥലത്ത് ഒരു സ്ഥിരം നിർമ്മിതി ഉണ്ടാക്കി കച്ചവടം നടത്താൻ പാടുള്ളതല്ല .

## 7. പൗര സംബന്ധിയായ മറ്റ് സേവനങ്ങൾ

(1) കുടിവെള്ള സംവിധാനം, പൊതു ശുചാലയ സൗകര്യം തുടങ്ങിയ സൗകര്യങ്ങൾ വഴിയോര കച്ചവട മേഖലകളിൽ മുനിസിപ്പാലിറ്റി സ്ഥാപിക്കേണ്ടതാണ്.

(2) പൊതു മാലിന്യ സംസ്കരണ സംവിധാനങ്ങൾ മുനിസിപ്പാലിറ്റി എല്ലാ വിധ കച്ചവട മേഖലകളിലും സൗകര്യപ്പെടുത്തേണ്ടതാണ്. അത് വൃത്തിയായും ശുചിയായും സൂക്ഷിക്കേണ്ടതാണ്.

(3) കച്ചവട മേഖലകളിൽ ആവശ്യമായ ലൈറ്റുകൾ മുനിസിപ്പാലിറ്റി സ്ഥാപിക്കേണ്ടതാണ്.

(4) വ്യക്തിഗത വൈദ്യുതി-കുടിവെള്ള കണക്ഷനുകൾ വഴിയോര കച്ചവട മേഖലകളിൽ മുനിസിപ്പാലിറ്റിയുടെ അനുമതിയോടു കൂടി അനുവദിക്കാവുന്നതാകുന്നു.

## 8. വെൻഡിംഗ് ഫീസ്, മാസ പരിപാലന ഫീസ്

### (1) വെൻഡിംഗ് ഫീസ്

(എ) ഓരോ വിഭാഗം വഴിയോര കച്ചവടക്കാർക്കുമുള്ള വെൻഡിംഗ് ഫീസ്, സ്ട്രീറ്റ് വെൻഡേഴ്സ് (പ്രൊട്ടക്ഷൻ ഓഫ് ലൈവ്ലിഹുഡ്, റെഗുലേഷൻ ഓഫ് സ്ട്രീറ്റ് വെൻഡറിംഗ് ആൻഡ് ലൈസൻസിംഗ്) സ്കീം 2019 പ്രകാരം നിശ്ചയിച്ചിട്ടുള്ളതാകുന്നു.

(ബി) സർക്കാർ പുറപ്പെടുവിക്കുന്ന എല്ലാ നിർദ്ദേശങ്ങളും അനുസരിച്ച് വെൻഡിംഗ് ഫീസ് മൂന്ന് വർഷത്തിലൊരിക്കൽ പുതുക്കുന്നതും, ആയത് സംബന്ധിച്ച വിവരങ്ങൾ മാവേലിക്കര മുനിസിപ്പാലിറ്റി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതുമാണ്.

(സി) ഒരു തെരുവ് കച്ചവടക്കാരന് പരമാവധി അനുവദനീയമായ ഏരിയ 25 സ്ക്വയർ ഫീറ്റ് വരെയായിരിക്കുന്നതാണ്.

## (2) മാസ പരിപാലന ഫീസ്

(എ) മാലിന്യ സംസ്കരണത്തിന് മാവേലിക്കര മുനിസിപ്പാലിറ്റി കൗൺസിൽ തീരുമാനപ്രകാരം പ്രാബല്യത്തിലുള്ള യൂസർ ഫീ എല്ലാ വഴിയോര കച്ചവടക്കാരിൽ നിന്നും ഈടാക്കുന്നതാണ്. താഴെ പറയുന്ന പ്രകാരം ഓരോ അർദ്ധവർഷവും പരിപാലന ഫീസ് നിശ്ചയിച്ചിട്ടുള്ളതാണ്:

| ക്രമ നമ്പർ | മേഖലകൾ | പരിപാലന ഫീസ് |
|---|---|---|
| 1 | പ്രാഥമിക മേഖല | അർദ്ധവർഷം 1500/- രൂപ |
| 2 | ദ്വിതീയ മേഖല | അർദ്ധവർഷം 1000/- രൂപ |
| 3 | തൃതീയ മേഖല | അർദ്ധവർഷം 750/- രൂപ |
| 4 | തലച്ചുമടായി കച്ചവടം നടത്തുന്നവർ (മൂന്ന മേഖലകളിലും) | അർദ്ധവർഷം 250/- രൂപ |

(ബി) കൌൺസിലിന് ഓരോ വർഷവും 5 ശതമാനം വീതം പരിപാലന ഫീസ് ഇനത്തിൽ വർദ്ധിപ്പിക്കാവുന്നതാണ്.

(സി) മാവേലിക്കര മുനിസിപ്പാലിറ്റിക്ക് മേൽ പറഞ്ഞ ചാർജ്ജുകൾ വർഷത്തിൽ മൊത്തമായോ അർദ്ധ വർഷമായോ, ഒരു വർഷത്തേക്ക് മുൻകൂറായോ ഈടാക്കാവുന്നതാണ്.

## 9. കച്ചവടക്കാരെ ഒഴിപ്പിക്കലും സാധനങ്ങൾ പിടിച്ചെടുക്കലും പിഴയും

(1) ഒഴിപ്പിക്കൽ നോട്ടീസ്: വെൻഡിംഗ് സർട്ടിഫിക്കറ്റുള്ള ഏതെങ്കിലും തെരുവ് കച്ചവടക്കാരനെ നിലവിലുള്ള സ്ഥലത്തുനിന്ന് ഒഴിപ്പിക്കാനോ പുനരധിവസിപ്പിക്കാനോ ഉദ്ദേശിക്കുന്നപക്ഷം, മുൻകൂർ രേഖാമൂലമുള്ള നോട്ടീസ് ബന്ധപ്പെട്ട കച്ചവടക്കാരന് നൽകേണ്ടതാണ്.

(2) സർവേ പൂർത്തിയാക്കൽ: ആക്റ്റ് സെക്ഷൻ 3(3) പ്രകാരം സർവേ നടപടികൾ പൂർത്തിയാക്കി അർഹരായ കച്ചവടക്കാർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതാണ് .

(3) സാധനങ്ങൾ പിടിച്ചെടുക്കലും തിരികെ നൽകലും: 2014-ലെ കേന്ദ്ര ആക്റ്റ് സെക്ഷൻ 19 പ്രകാരം നിയമലംഘനം നടത്തുന്ന കച്ചവടക്കാരിൽ നിന്ന് പിടിച്ചെടുക്കുന്ന വസ്തുക്കളുടെ കൃത്യമായ പട്ടിക/മഹസ്സർ (List of seized goods) തയ്യാറാക്കി കച്ചവടക്കാരന് നൽകേണ്ടതാണ്.

- (എ) പിടിച്ചെടുത്ത വസ്തുക്കൾ നശിച്ചുപോകുന്നവ (Perishable goods) ആണെങ്കിൽ, നിർദ്ദിഷ്ട പിഴ/ഫീസ് ഈടാക്കി അപേക്ഷ നൽകുന്ന അതേദിവസം തന്നെ തിരികെ നൽകേണ്ടതാണ്.
- (ബി) നശിച്ചുപോകാത്ത വസ്തുക്കൾ (Non-perishable goods) ആണെങ്കിൽ, ആവശ്യമായ ഫീസ് ഈടാക്കി 2 പ്രവൃത്തിദിവസങ്ങൾക്കകം വിട്ടുനൽകേണ്ടതാണ്.

(4)പിഴ ഈടാക്കൽ :ആക്ടിലെ വിവിധ വകുപ്പുകൾ പ്രകാരം, നടത്തുന്ന ഓരോ ലംഘനത്തെ സംബന്ധിച്ച് താഴെ പറയുന്ന നിരക്കിൽ പിഴ ചുമത്തുന്നതാണ്.

| ക്രമ നമ്പർ | ലംഘനം | പിഴ ഇനത്തിൽ അടക്കേണ്ട തുക |
|---|---|---|
| 1 | ആക്ടിലെ 18(5) വകുപ്പ് പ്രകാരം പുനരധിവസിക്കാനോ ഒഴിഞ്ഞുമാറുന്നതിനോ തയ്യാറാകാത്തവർക്കായുള്ള പിഴ (സെക്ഷൻ 18(3) പ്രകാരമുള്ള നോട്ടീസ് കാലാവധി തീരുന്ന ദിവസം മുതൽ) | പ്രതിദിനം 250 രൂപ വരെയോ, എന്നാൽ തെരുവ് |

| ക്രമ നമ്പർ | ലംഘനം | പിഴ ഇനത്തിൽ അടക്കേണ്ട തുക |
|---|---|---|
| | | കച്ചവടക്കാരിൽ നിന്നും പിടിച്ചെടുക്കുന്ന വസ്തുവകകളുടെ ആകെ തുക 250 രൂപയിൽ കുറവാണെങ്കിൽ കുറഞ്ഞ തുക. |
| 2 | ആക്ടിലെ വകുപ്പ് 28 പ്രകാരം:<br>(എ) വെൻഡിംഗ് സർട്ടിഫിക്കറ്റ് ഇല്ലാതെ വഴിയോര കച്ചവടം നടത്തിയാൽ;<br>(ബി) വെൻഡിംഗ് സർട്ടിഫിക്കറ്റിലുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി കച്ചവടം നടത്തിയാൽ;<br>(സി) ആക്ട്, ചട്ടങ്ങൾ, സ്കീം, ബൈലോകൾ എന്നിവയിലെ വഴിയോര കച്ചവട നിയന്ത്രണങ്ങൾ ലംഘിച്ചാൽ | ഓരോ ഉപവകുപ്പിന്റെയും ലംഘനത്തിന് രൂപ 2000 വീതം |

## 10 . അപ്പീൽ

1.2014 ലെ ആക്ടിലെ 11-ാം വകുപ്പ് , 2018-ലെ Kerala Street Vendors Rules 19 പ്രകാരം, ടൗൺ വെൻഡിംഗ് കമ്മിറ്റിയുടെ (TVC) തീരുമാനം മൂലമോ, വെൻഡിംഗ് സർട്ടിഫിക്കറ്റ് നിഷേധിക്കൽ / റദ്ദാക്കൽ എന്നിവ മൂലമോ പരാതിയുള്ള വ്യക്തിക്ക്, തീരുമാനം ലഭിച്ച് 30 ദിവസത്തിനകം മാവേലിക്കര മുനിസിപ്പാലിറ്റി കൗൺസിൽ മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

2. 2014-ലെ കേന്ദ്ര സ്ട്രീറ്റ് വെൻഡേഴ്സ് ആക്ട് സെക്ഷൻ 20, 2018-ലെ കേരള സ്ട്രീറ്റ് വെൻഡേഴ്സ് ചട്ടം 20 എന്നിവ പ്രകാരം സർക്കാർ രൂപീകരിക്കുന്ന 'ഗ്രീവൻസ് റെഡ്രസൽ ആൻഡ് ഡിസ്പ്യൂട്ട് റെസല്യൂഷൻ കമ്മിറ്റി' (Grievance Redressal Committee) മുമ്പാകെയായിരിക്കും തെരുവ് കച്ചവടക്കാരുടെ കച്ചവടവുമായി ബന്ധപ്പെട്ട തർക്കങ്ങളും പരാതികളും വിചാരണക്കായി സമർപ്പിക്കേണ്ടത്.

3.ഗ്രീവൻസ് റെഡ്രസൽ കമ്മിറ്റിയുടെ (GRC) ഉത്തരവിലോ തീരുമാനങ്ങളിലോ തൃപ്തനല്ലാത്ത ഏതൊരു തെരുവ് കച്ചവടക്കാരനും, 2018-ലെ കേരള സ്ട്രീറ്റ് വെൻഡേഴ്സ് ചട്ടം 21 പ്രകാരം ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം മാവേലിക്കര മുനിസിപ്പാലിറ്റി കൗൺസിൽ മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്.

4.മേൽപ്പറഞ്ഞ അപ്പീലുകളിൽ കൗൺസിൽ എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും.

**സെക്രട്ടറി,**

**മാവേലിക്കര നഗരസഭ**

## അനുബന്ധം 1

## പ്രാഥമിക മേഖലകൾ(Primary zones)

| ക്രമ നം. | മേഖല | വിവരണം | നീളം | മേഖല തരം |
|---|---|---|---|---|
| 1 | പുന്നമൂട് മാർക്കറ്റ് (Ward17) | പുന്നമൂട് മാർക്കറ്റും അതിനോട് ചേർന്നുള്ള വാണിജ്യ പ്രദേശവും | 11m x 5m<br>8m x 5m<br>15m x 5m<br>10m x1.5m | വെൻഡിംഗ് സോൺ |
| 2 | പ്രൈവറ്റ് ബസ് സ്റ്റാൻഡിന്റെ ഉൾവശം (Ward4) | പ്രൈവറ്റ് ബസ് സ്റ്റാൻഡിന്റെ ഉൾവശം | 30m x 1.5m | വെൻഡിംഗ് സോൺ |

## അനുബന്ധം 2

### ദ്വിതീയ മേഖലകൾ(Secondary zones)

| ക്രമ നം. | മേഖല | വിവരണം | നീളം | മേഖല തരം |
|---|---|---|---|---|
| 1 | കണ്ടിയൂർ മാർക്കറ്റ് (Ward 27) | കണ്ടിയൂർ മാർക്കറ്റും അതിനോട് ചേർന്നുള്ള വാണിജ്യ പ്രദേശവും | 10m x 1.5 m | വെൻഡിംഗ് സോൺ |

.

## അനുബന്ധം 3

## തൃതീയ മേഖലകൾ(Tertiary zones)

നിലവിൽ മാവേലിക്കര മുനിസിപ്പാലിറ്റിയിൽ തൃതീയ മേഖലകൾ സർവ്വേ പ്രകാരം കണ്ടെത്തിയിട്ടില്ലാത്തതാണ്. ടൗൺ വെൻഡിംഗ് കമ്മിറ്റിയുടെ സർവ്വേയ്ക്ക് ശേഷം, ആവശ്യമെങ്കിൽ തൃതീയ മേഖലകളെ ഭാവിയിൽ ഈ അനുബന്ധത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

## അനുബന്ധം 4

### നിയന്ത്രിത കച്ചവട മേഖല(Restricted vending zone)

നിലവിൽ മാവേലിക്കര മുനിസിപ്പാലിറ്റിയിൽ പ്രത്യേകം നിയന്ത്രിത കച്ചവട മേഖലയായി കണ്ടെത്തിയിട്ടില്ല. നഗരസഭ പ്രദേശങ്ങളിൽ / റോഡുകളിൽ ഏതെങ്കിലും ഭാഗം, ഈ ബൈലോയിലെ ഖണ്ഡിക 4(1) പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി, ടൗൺ വെൻഡിംഗ് കമ്മിറ്റിക്ക് പിന്നീട് നിയന്ത്രിത കച്ചവട മേഖലയായി പ്രഖ്യാപിക്കാവുന്നതാണ്.

# അനുബന്ധം 5

## നിരോധിത കച്ചവട മേഖല(No vending zone)

| ക്രമ നം. | പേര് | നിരോധിത കച്ചവട മേഖലകളുടെ ലിസ്റ്റ് |
|---|---|---|
| 1 | പുന്നമൂട് മാർക്കറ്റ് (Ward17) | അനുബന്ധം 1 -ൽ പറഞ്ഞിരിക്കുന്ന മേഖല ഒഴിച്ച് മറ്റെല്ലാ റോഡുകളും പ്രദേശങ്ങളും നിരോധിത കച്ചവട മേഖലയാണ്. |
| 2 | കണ്ടിയൂർ ചന്ത (Ward 27) | അനുബന്ധം 2 -ൽ പറഞ്ഞിരിക്കുന്ന മേഖല ഒഴിച്ച് മറ്റെല്ലാ റോഡുകളും പ്രദേശങ്ങളും നിരോധിത കച്ചവട മേഖലയാണ്. |
| 3 | പ്രൈവറ്റ് ബസ് സ്റ്റാൻഡിന്റെ ഉൾവശം (Ward 4) | അനുബന്ധം 1 -ൽ പറഞ്ഞിരിക്കുന്ന മേഖല ഒഴിച്ച് മറ്റെല്ലാ റോഡുകളും പ്രദേശങ്ങളും നിരോധിത കച്ചവട മേഖലയാണ്. |

## വിശദീകരണ കുറിപ്പ്

*(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ ഇതിന്റെ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്)*

മാവേലിക്കര നഗരത്തിലുള്ള തെരുവ് / വഴിയോര കച്ചവടക്കാരുടെ ക്ഷേമം ഉറപ്പാക്കുന്നതിന് വിവിധ പ്രവർത്തനങ്ങൾ മാവേലിക്കര മുനിസിപ്പാലിറ്റിയുടെ നേതൃത്വത്തിൽ നടന്നു വരുന്നുണ്ട്. 2014–ലെ ദി സ്ട്രീറ്റ് വെൻഡേഴ്സ് (പ്രൊട്ടക്ഷൻ ഓഫ് ലൈവ്ലിഹുഡ് ആൻഡ് റെഗുലേഷൻ ഓഫ് സ്ട്രീറ്റ് വെൻഡറിംഗ്) ആക്ട് (2014–ലെ 7–ാം കേന്ദ്ര ആക്ട്) ലെ 37–ാം വകുപ്പ് നൽകുന്ന അധികാരം വിനിയോഗിച്ച്, മാവേലിക്കര മുനിസിപ്പാലിറ്റി പരിധിയിലെ വഴിയോര കച്ചവടം ക്രമീകരിക്കുന്നതിന് ബൈലോകൾ പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്നു.

പ്രസ്തുത ആവശ്യം നിറവേറ്റുന്നതിന് വേണ്ടിയുള്ളതാണ് ഈ വിജ്ഞാപനം.